

# പെരുമ്പടവം

## കടൽ പോലെ കടൽ

പെരുമ്പടവത്തിന്റെ മാന്ത്രികഭംഗിയുള്ള ആഖ്യാനകല കൊണ്ട് അവിസ്മരണീയമായ രണ്ട് നോവലുകൾ. **സോദോം ഗൊമോറ. കറുത്ത നിലാവ്.**

"ഇതെന്താ ബാലേട്ടൻ പറയുന്നെ? ഇന്നലെ കണ്ട ആകാശാണോ ഇന്നു നോക്കുമ്പോ? അതിപ്പോ ആകാശല്ലന്നേ. മേഘങ്ങളുടെ ഒരുപാടം. ദൈവം കിളച്ചിട്ടത്...... നമുക്കീ മേഘങ്ങളിൽ സൂര്യകാന്തിയുടെ വിത്തുകൾ വിതറിയാലോ? ഓർത്തുനോക്ക്, മേഘങ്ങളിൽ നിറയെ സൂര്യകാന്തിപൂക്കൾ വിടർന്ന്........... "

SANKEERTHANAM
സങ്കീർത്തനം
പബ്ലിക്കേഷൻസ്
www.sankeerthanam.org

# പെരുമ്പടവം

## കടൽ പോലെ കടൽ



M3 SRE/K
MTKM BK
374

SANKEERTHANAM

അധികാരസീമകൾക്കു പുറത്ത് മനുഷ്യ സങ്കടങ്ങൾക്കു കാവൽ നില്ക്കുന്ന വിപ്ലവകാരിയുടെ സ്വപ്നങ്ങളിൽ ഒരു കൊലമരമുണ്ട്.

e Library

4

8M3 SRE/K

CASMTKM BK

374

COLLEGE OF AVIAN SCIENCES & MANAGEMENT
KVASU CAMPUS, THIRUVAZHAMKUNNU

Acc. No. 374 Call No.

This book should be returned on or before the date last given below.

| | | |
|---|---|---|
| TMP3 | | |
| 21/8/15 | | |
| 14-026 | | |
| 28 OCT 2015 | | |
| 15-029 | | |
| 19/12/15 | | |
| 15-001 | | |
| 1 FEB 2016 | | |
| TMP02 | | |
| 18 APR 2016 | | |
| 15-014 | | |
| 1 JUL 2016 | | |
| 14-025 | | |
| 11 AUG 2016 | | |
| NT02 | | |
| 8/5/18 | | |
| 20-29 | | |
| 17 NOV 2022 | | |

(Malayalam)
**KADAL POLE KADAL**
Novels
by **Perumpadavom Sreedharan**

First Published : January 2011
Published by : ASRAMAM BHASI
Sankeerthanam Publications
Kadappakkada, Kollam - 691 008.
Phone : 9846017711

Cover : Pradeep Sasi
Back Cover Photo : Sasidharan Kumarapuram
Copyright : Perumpadavom Sreedharan
Typesetting : Shimi Rajesh, Aluva
Printed at : Sujilee Printers, Chathannoor.

Price : ₹ 120

www.sankeerthanam.org

# കടൽ പോലെ കടൽ

പെരുമ്പടവം ശ്രീധരൻ

സങ്കീർത്തനം പബ്ലിക്കേഷൻസ്
കൊല്ലം

വില : ₹ 120

College Of Avian Sciences & Management
LIBRARY
*KVASU Thiruvazhamkunnu-678 601*



പെരുമ്പടവം ശ്രീധരൻ

നോവലിസ്റ്റ്, കഥാകൃത്ത്, തിരക്കഥാകൃത്ത്. മൂവാറ്റുപുഴ താലൂക്കിലെ പെരുമ്പടവം ഗ്രാമത്തിൽ 1938 ഫെബ്രുവരി 12നു ജനിച്ചു. കുട്ടിക്കാലംതൊട്ടേ സാഹിത്യത്തിൽ താല്പര്യമുണ്ടായി. എഴുത്തിന്റെ ആരംഭം കവിതയിലായിരുന്നു. പിന്നീട് കഥയിലേക്കും നോവലിലേക്കും തിരിഞ്ഞു. അഭയം, അഷ്ടപദി, ആയില്യം, അന്തിവെയിലിലെ പൊന്ന്, കാൽവരിയിലേക്ക് വീണ്ടും, പ്രദക്ഷിണവഴി, എന്റെ ഹൃദയത്തിന്റെ ഉടമ, ഒരു സങ്കീർത്തനം പോലെ, അരൂപിയുടെ മൂന്നാം പ്രാവ്, ശംഖുമുദ്രയുള്ള വാൾ, ഒരു കീറ് ആകാശം എന്നീ നോവലുകളും വേനലിൽ പൂക്കുന്ന മരം, കൃപാനിധിയുടെ കൊട്ടാരം, നിന്റെ കൂടാരത്തിനരികെ, ഇലത്തുമ്പുകളിലെ മഴ, ദൈവത്തിന്റെ കാട്ടിലെ ഒരില, ഡിസംബർ, രണ്ടു സങ്കടങ്ങൾ കണ്ടുമുട്ടുമ്പോൾ എന്നീ ചെറുകഥാസമാഹാരങ്ങളുമാണ് പ്രധാന കൃതികൾ. അഭയം കേരളശബ്ദം അവാർഡിനും, അഷ്ടപദി കേരള സാഹിത്യ അക്കാദമി അവാർഡിനും, അന്തിവെയിലിലെ പൊന്ന് ഗൾഫ് മലയാളികൾക്ക് ഏറ്റവും ഇഷ്ടപ്പെട്ട നോവലിസ്റ്റിനുള്ള അവാർഡിനും അർഹമായി. ഒരു സങ്കീർത്തനം പോലെ വയലാർ അവാർഡ് ഉൾപ്പെടെ ഒൻപത് അവാർഡുകൾ നേടി. അബുദാബി മലയാളി സമാജം സാഹിത്യ അവാർഡ്, അബുദാബി ശക്തി അവാർഡ്, വി.ടി. ഭട്ടതിരിപ്പാട് സ്മാരക സാഹിത്യ അവാർഡ്, കാവ്യമണ്ഡലം അവാർഡ്, കേരള കൾച്ചറൽ സെന്റർ അവാർഡ്, മഹാകവി ജി. സ്മാരക അവാർഡ്, ദുബായ് കൈരളി കലാകേന്ദ്രം രജതജൂബിലി സാഹിത്യ അവാർഡ്, മസ്ക്കറ്റ് മലയാളി സമാജം സാഹിത്യ അവാർഡ്, മലയാറ്റൂർ അവാർഡ്, ഒ. ചന്തുമേനോൻ അവാർഡ് എന്നിങ്ങനെ. ഒരു സങ്കീർത്തനം പോലെ, അഭയം, നാരായണം ഉൾപ്പെടെ ചില കൃതികൾ ഇൻഡ്യൻ ഭാഷകളിലും വിദേശ ഭാഷകളിലും തർജ്ജിമ ചെയ്തിട്ടുണ്ട്. 12 ചലച്ചിത്രങ്ങൾക്ക് തിരക്കഥയെഴുതി. സൂര്യദാഹത്തിന് കേരളാ സ്റ്റേറ്റ് ഫിലിം അവാർഡും, അഷ്ടപദിക്ക് ഫിലിം ക്രിട്ടിക്സ് അവാർഡും, നിലാവിന്റെ ഭംഗിക്ക് സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് അവാർഡും കിട്ടി. കേരള സാഹിത്യ അക്കാദമിയിലും, ഫിലിം സെൻസർ ബോർഡിലും സാഹിത്യപ്രവർത്തക സഹകരണസംഘം ഡയറക്ടർ ബോർഡിലും അംഗമായിരുന്നു.

**വിലാസം** : പെരുമ്പടവം വീട്, തമലം, തിരുവനന്തപുരം-695 012

കാഴ്ചയിൽ വൃദ്ധൻ ഒരു പരദേശിയെപ്പോലെ തോന്നിപ്പിച്ചു. നീണ്ടു വളർന്ന നരച്ച മുടിയും താടിയും വിഷാദം നിറഞ്ഞ കണ്ണുകളും. ഏതെങ്കിലും അഭയാർത്ഥി സംഘത്തിൽനിന്ന് കൂട്ടംതെറ്റിപ്പോയ ആളാണോ?

അയാൾ അടുത്തു ചെന്നപ്പോൾ വഴിയരുകിലെ നഗരാവശിഷ്ടങ്ങൾക്കിടയിൽ മുഖം കുനിച്ചിരുന്ന വൃദ്ധൻ മുഖമുയർത്തിനോക്കി. അയാൾ എന്തോ വലിയ സങ്കടം അനുഭവിക്കുന്നുണ്ടെന്ന് രാഹുലനു തോന്നി.

രാഹുലൻ ചോദിച്ചു :

“ആരാ? എന്തിനാ സങ്കടപ്പെടുന്നെ?”

വൃദ്ധൻ മിണ്ടാതെ രാഹുലനെ നോക്കി.

രാഹുലൻ വീണ്ടും ചോദിച്ചു.

“പറ, ആരാ?”

ഹൃദയഭാരം ക്ലേശിച്ചൊതുക്കി ഒരു നെടുവീർപ്പോടെ വൃദ്ധൻ പറഞ്ഞു:

“എന്റെ പേര്, ദൈവം. പരിചയമുണ്ടോ എന്നെ?”

രാഹുലന് ഉള്ളിൽ ഒരു നടുക്കം അനുഭവപ്പെട്ടു.

ഒരു നിമിഷം കഴിഞ്ഞ് രാഹുലൻ ചോദിച്ചു:

“എന്തിനാ സങ്കടപ്പെടുന്നെ?”

ദൈവം നെടുതായി നിശ്വസിച്ചു.

“മനുഷ്യനെ സംബന്ധിച്ച എന്റെ സ്വപ്നം അവൻ തകർത്തു കളഞ്ഞു.”